(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തുണ്ടായ തൊഴിൽത്തർക്കങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) തൊഴിൽ വ്യവസായമേഖലകളിൽ ഇതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ട്രേഡ് യൂണിയനുകൾക്കുവേണ്ടി മാതൃകാ പെരുമാറ്റച്ചട്ടം ആവിഷ്ക്കരിക്കുന്നതിന് ഉദ്ദേശമുണ്ട്. കൂടാതെ ട്രേഡ് യൂണിയനുകളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിനും അംഗീകരിക്കുന്നതിനുംവേണ്ടിയുള്ള ഒരു കരട് ബില്ല് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇക്കാര്യം സംബന്ധിച്ച് പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) തൊഴിൽതർക്കങ്ങൾ പരിഹരിക്കുന്നതിനായി അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും ചർച്ചയിലൂടെ അവ പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. പരിഹരിക്കപ്പെടാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടെ തീർപ്പിനു വിടാറുണ്ട്. ഇതിനുപുറമേ സംസ്ഥാനതലത്തിൽ വ്യവസായികാടിസ്ഥാനത്തിൽ ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി വിവിധ തൊഴിൽ മേഖലകളിൽ തൊഴിലാളി, മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായബന്ധ സമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

(ഇ) തൊഴിൽവകുപ്പിന്റെ കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് എന്ന സ്ഥാപനം ട്രേഡ് യൂണിയൻകാർക്കും മറ്റു വ്യവസായ തൊഴിലാളികൾക്കും ട്രെയിനിംഗ് നൽകുന്നുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മത്സ്യസമ്പത്ത് സംരക്ഷിക്കുവാൻ നടപടി

1 (1908) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ബി. വിജയകുമാർ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് സംരക്ഷിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉൾനാടൻ മേഖലയിൽ പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) സംസ്ഥാനത്തെ മത്സ്യ സമ്പത്ത് സംരക്ഷിക്കുവാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ശുദ്ധജലാശയങ്ങളിൽ വിപുലമായ ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ മത്സ്യക്കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു.

2. സംസ്ഥാനത്തെ ജല സംഭരണികളിൽ മത്സ്യക്കൃഷി പരിപാടി നടപ്പാക്കി വരുന്നു.

3. മത്സ്യം/ചെമ്മീൻ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ മൂഴുവൻ ജില്ലകളിലും ശുദ്ധജലമത്സ്യകർഷക വികസന ഏജൻസികളും ജില്ലകളിൽ ഓരുജല മത്സ്യകർഷക വികസന ഏജൻസികളും പ്രവർത്തനം നടത്തി വരുന്നു.

4. കോട്ടയം ജില്ലയിലെ പള്ളം കേന്ദ്രമാക്കി നാടൻ മത്സ്യങ്ങൾ വളർത്തുന്നതിനുള്ള ഒരു ഫാം പ്രവർത്തിച്ചുവരുന്നു.

5. കായലുകൾ, നദികൾ, ജലസംഭരണികൾ എന്നിവയിൽ സാമൂഹിക മത്സ്യ കൃഷി പരിപാടി നടപ്പിലാക്കി വരുന്നു.

6. കുട്ടനാടൻ പ്രദേശത്തു തരിശ്ശായി കിടക്കുന്ന ജലാശയശേഖരങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

7. മൂന്നാറിൽ മഹസീർ (കുയിൽ മത്സ്യം) വിത്തുൽപ്പാദന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

8. എറണാകുളം ജില്ലയിലെ പൊക്കാളി നിലങ്ങളിൽ സംയോജിത ചെമ്മീൻ കൃഷി പദ്ധതി പ്രകാരം പരമ്പരാഗത ചെമ്മീൻ വാറ്റിന്റെ സ്ഥാനത്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ചെമ്മീൻ കൃഷി നടത്തുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്.

9. ആഴക്കടൽ മത്സ്യബന്ധനം കർശനമായി നിരോധിക്കുക.

10. അനധികൃത മത്സ്യബന്ധനം തടയുന്നതിന് കടൽ മത്സ്യബന്ധന നിയന്ത്രിത നിയമം നടപ്പിലാക്കുകയും മൺസൂൺ കാലത്ത് ട്രോളിംഗ് നിയന്ത്രണം ഏർപ്പെടുത്തുക, ലൈസൻസ് വലകൾ നീക്കം ചെയ്യുക, ഏറ്റ സമയത്തെ മത്സ്യബന്ധനത്തിനെതിരെ നിയമ നടപടികൾ സ്വീകരിക്കുക വിഭവ സംരക്ഷണത്തിനും മത്സ്യ പ്രജനനം സാധ്യമാക്കുന്നതിനും വേണ്ടി നഷ്ടപരിഹാരം നൽകി കുറ്റിവലകൾ നീക്കം ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉൾനാടൻ മേഖലയിൽ നിലവിലുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടത്തുവാനും അതുവഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

മത്സ്യബന്ധന വികസന പദ്ധതികൾ

2 (1909) ശ്രീ. പി. ജെ. ജോയി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പാലോട് രവി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മത്സ്യബന്ധന വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) പുതിയതായി എവിടെയെങ്കിലും മത്സ്യബന്ധന തുറമുഖം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങളും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളും സ്ഥാപിച്ചുവരുന്നു. ചോംപാൽ, മോപ്പിളാബേ എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ 25-5-99-ൽ കമ്മിഷൻ ചെയ്തു.

(ബി) ഉണ്ട്.

(സി) മുതലപ്പൊഴി (തിരുവനന്തപുരം) പൊന്നാനി (മലപ്പുറം) തലായി (കണ്ണൂർ).

വിഴിഞ്ഞം കേന്ദ്രമാക്കി മൽസ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം

3 (1910) ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി :
ശ്രീ. എം. മുരളി :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം കേന്ദ്രമാക്കി മൽസ്യ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കടലിലിറക്കി വിടുന്ന ഒരു പദ്ധതിക്ക് രൂപം കൊടുത്തിരുന്നുവോ ;

(ബി) ഈ പദ്ധതിയിലെ പങ്കാളികൾ ആരെല്ലാമായിരുന്നു ;

(സി) ഓരോ പങ്കാളിയും എന്തു തുകവീതം മുടക്കുവാനാണ് പരിപാടിയിട്ടിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly